# തൂലിക

Newsletter of
Jesus Youth
*Dubai*
Issue 527
15 June 2018
www.thoolikaa.net



## മൗനം... വാചാലം...
## ശാന്തം...
## സുന്ദരം...

''ദാവീദിന്റെ പുത്രനായ ജോസഫ്, മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ ശങ്കിക്കേണ്ടാ. അവൾ ഗർഭംധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിൽനിന്നാണ്.''

മത്താ 1:20

ലക്കം 526
2018 മെയ് 25

# തൂലിക

ജീസസ് യൂത്ത് ദുബായിയുടെ വാരാന്ത്യ പതിപ്പ്

http://thoolikaa.net



ഉള്ളടക്കം


| | |
|---|---|
| എഡിറ്റോറിയൽ | 03 |
| ലേഖനം | 04 |
| കാർട്ടൂൺ | 05 |
| വിശുദ്ധരുടെ ജീവിതങ്ങൾ | 06 |
| നുറുങ്ങുചിന്ത | 07 |
| യൂകാറ്റ് കോർണർ | 08 |
| ഹൃദ്യസ്ഥമാക്കാൻ ഒരു വചനം | 08 |
| വാർത്ത | 09 |
| അറിയിപ്പുകൾ | 10 |


## സോണൽ കൂട്ടായ്മകൾ

| | |
|---|---|
| കരാമ | നിഷ 056 4897592 |
| | ശനി 8:30 pm 9:30 pm |
| ബർദുബായ് | റോബിൻ 050 9528192 |
| | ശനി 8:30 pm 9:45 pm |
| ലുലുവില്ലേജ് | ആൻസി 052 7539188 |
| | ഞായർ 8:30 pm 10:00 pm |
| അൽനാഹ്ദ | ജോസഫ് ജോൺ 050 5642090 |
| | ബുധൻ 8:15 pm 10:00 pm |
| അൽഖിസൈസ് | ജസ്റ്റിൻ 055 799 5582 |
| | ശനി 8:30 pm 10:00 pm |
| സോനാപൂർ | ഫ്രാൻസിസ് 055 2631672 |
| | ബുധൻ 8:30 pm 10:00 pm |
| അൽഖൂസ് | ഡയസ് 050 9197658 |
| | ബുധൻ 8:15 pm 9:30 pm |
| റാഷിദിയ | ലിജോ കുരുവിള 050 9414120 |
| | തിങ്കൾ 8:30 pm 09:30 pm |

| | |
|---|---|
| മുത്തീന | ഷാഫി 055 2857170 |
| | ബുധൻ 8:00 pm 9:30 pm |
| അൽബറാഹ | ക്രിസ്റ്റി 055 4741102 |
| | ഞായർ 8:30 pm 9:45 pm |
| സത്‌വ | തോമസ് 050 8761385 |
| | ഞായർ 8:15 pm 9:30 pm |
| ഹോർ അൽ ആൻസ് | |
| | ബിനീഷ് 055 7484850 |
| | ശനി 8:15 pm 9:45 pm |
| ഇന്റർനാഷ്ണൽ | ഷോൺ 055 7135314 |
| സിറ്റി | ചൊവ്വ 8:30 pm 10:00 pm |
| സിലികോൺ | ജോർമ്മി 052 9783044 |
| ഒയാസിസ് | വ്യാഴം 10:00 pm 11:00 pm |

### മൊഴിമുത്തുകൾ

"ഒരു മെഴുകുതിരി മറ്റൊരു മെഴുകുതിരിയുടെ ജ്വാലയിൽ നിന്ന് കത്തിക്കുന്നതു പോലെ വിശ്വാസം വിശ്വാസത്താൽ ജ്വലിക്കപ്പെടുന്നു."

റൊമാനോ ഗ്വാർദീനി (1885-1968)

# യൗസേപ്പ് പിതാക്കന്മാർ അന്യം നിന്നു പോകാതിരിക്കട്ടെ...

പുരുഷമേധാവിത്വ ചിന്താഗതി കുറച്ചു കൂടുതൽ ആയതുകൊണ്ടാവാം യൗസേപ്പിതാവിനോട് കുറച്ച് സ്നേഹം കൂടുതൽ ഉണ്ടായിരുന്നു. തിരുക്കുടുംബത്തിലെ അധികമാരും അറിയാതെ പോയ ഒരു കഥാപാത്രം എന്നൊക്കെയുള്ള ബാലിശമായ ചിന്താഗതികളായിരുന്നു ആദ്യമൊക്കെ. വിശുദ്ധ ഗ്രന്ഥത്തിൽ അധികം പരാമർശിക്കപ്പെടാതെ ആ വിശുദ്ധൻ ഉണ്ട്. പക്ഷേ പരാമർശിക്കപ്പെട്ടിരിക്കുന്ന ഭാഗങ്ങൾ ധാരാളം മതി വിശുദ്ധ ജോസഫ് എന്ന യുവാവിന്റെ, ഭർത്താവിന്റെ, ഗൃഹനാഥന്റെ മൂല്യങ്ങൾ തിരിച്ചറിയുവാനും ജീവിതത്തിൽ പകർത്തുവാനും.

വിവാഹത്തിനു തൊട്ടുമുണ്ടാകുന്ന പ്രതിസന്ധികൾ. ഏതൊരു യുവാവും തളർന്നു പോകുന്ന സാഹചര്യം. പക്ഷേ സ്വർഗത്തിൽ നിന്ന് വരുന്ന സ്വപ്ന സന്ദേശങ്ങളോട് അദ്ദേഹം അനുകൂലമായി പ്രതികരിച്ചപ്പോൾ ആ പ്രതിസന്ധികളെല്ലാം എങ്ങോ മറയുന്നു. പ്രാർത്ഥനയിൽ അനുദിനം വളർന്നു വരുന്ന ഓരോ ജീസസ് യൂത്തിനും ചിന്തിക്കാം, സമാനമായ സാഹചര്യങ്ങൾ ഉണ്ടായാൽ ഞാൻ ദൈവത്തിൽ ആശ്രയിക്കുമോ അതോ നിരാശനായി ലോകത്തിന്റെ സമാധാനം തേടിപ്പോകുമോ? അതുപോലെ ഈശോയുടെ ജനന സമയത്തുണ്ടാകുന്ന സംഭവങ്ങൾ. ഏതൊരു ഭർത്താവും തളർന്നു പോകാവുന്ന അനുഭവങ്ങൾ. പേററുനോവനുഭവിക്കുന്ന ഭാര്യയുമായി ഒരിഞ്ചു സ്ഥലം തേടി നടക്കുന്ന ജോസഫ് എന്ന ഭർത്താവ്, അവിടെയൊന്നും ആ മനുഷ്യൻ കോപിഷ്ഠനായെന്നോ നിലവിട്ടു പെരുമാറിയെന്നോ വിശുദ്ധ ഗ്രന്ഥത്തിൽ ഒരിടത്തും രേഖപ്പെടുത്തിയിട്ടില്ല. സമൂഹത്തിന്റെ കുററപ്പെടുത്തലുകൾ ധാരാളമായി അദ്ദേഹം കേട്ടിട്ടുണ്ടാകും. പക്ഷേ, ലഭിച്ച സൗകര്യങ്ങളെ അംഗീകരിച്ചപ്പോൾ ആ പ്രസവമുറി ലോകം സ്മരിക്കുന്ന ഒന്നായി മാറി. ഓർക്കാം, ഭാര്യയുടെ പ്രസവ സമയത്ത് സാഹചര്യങ്ങൾ കുറച്ചെങ്കിലും എതിരായാൽ സകലതും മറന്ന് രൗദ്രഭാവം കെട്ടിയാടുന്ന പുരുഷ കേസരികളെ.

അതുപോലെ തന്നെയാണ് ഈജിപ്തിലേയ്ക്ക് പാലായനം ചെയ്യാൻ പറയുമ്പോൾ ദൈവത്തോട് ഒരു പരാതിയും പറയാതെ മാതാവിനൊപ്പം കൈകുഞ്ഞിനേയും നെഞ്ചോടു ചേർത്തു പിടിച്ച് കടന്നുപോകുന്ന ആ ഗ്രഹനാഥന്റെ ചിത്രം നമ്മുടെ മനസ്സിൽ തറയ്ക്കുന്നത്. അവസാനമായി ഈശോയുടെ ബാല്യം മുഴുവൻ വിശുദ്ധ ലൂക്കാ സുവിശേഷകൻ ഒരൊറ്റ വാക്യത്തിൽ കോറിയിടുന്നു. യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടേയും പ്രീതിയിലും വളർന്നുവന്നു.

പ്രിയപ്പെട്ടവരേ, ദൈവത്തിന്റെയും അതേസമയം തന്നെ മനുഷ്യരുടേയും പ്രീതിയിൽ വളർന്നു വരിക അത്ര എളുപ്പമല്ല. അതിന് ഒരു നല്ല കുടുംബാന്തരീക്ഷം ഉണ്ടായിരിക്കണം. ലോകത്തെ കീഴ്മേൽ മറിക്കുന്ന അനേകം ക്രിസ്തുമാർ ഉണ്ടാകേണ്ടിയിരിക്കുന്നു. അതിനായി അവരെ രൂപപ്പെടുത്താൻ ധാരാളം യൗസേപ്പിതാക്കന്മാരും...

സ്നേഹപൂർവ്വം,

മാത്യു ഈപ്പൻ

എഡിറ്റർ

# മൗനം.. വാചാലം.. ശാന്തം.. സുന്ദരം

പ്രകോപനപരമായ സാഹചര്യങ്ങളിൽ ഒരുവൻ എപ്രകാരം പ്രതികരിക്കുന്നുവെന്നതിലാണ് അവന്റെ വ്യക്തിത്വം വെളിവാക്കപ്പെടുന്നത്. ഉയർന്ന തസ്തികകളിലേക്കു ള്ള ഇന്റർവ്യൂകളിൽ പലപ്പോഴും ഉദ്യോഗാർത്ഥിയുടെ ഈ കഴിവ് പരിശോധിക്കുവാ ൻ ചോദ്യകർത്താക്കൾ മനപൂർവ്വം പ്രകോപനപരമായ ചോദ്യങ്ങൾ ഉയർത്താറുണ്ട്. ജീവിതപരീക്ഷകളിലും അപ്രതീക്ഷിതമായ പ്രകോപനങ്ങൾ കടന്നുവരുമ്പോൾ പൊ ട്ടിത്തെറിക്കുകയും തർക്കിക്കുകയും മറ്റുള്ളവരെ പഴിചാരുകയും ചെയ്യുന്നവരാണ് നമ്മിൽ ഭൂരിഭാഗവും. വാക്കുകളാൽ, തിരിച്ചെടുക്കാനാകാത്തവിധം മുറിവേൽപ്പിക്കുകയും പകയും വിദ്വേഷവും മനസിലിട്ട് ആളിക്കത്തിച്ച് പ്രതികാരാഗ്നിയൽ എതിരാളിയെ ദഹിപ്പിക്കുകയും ചെയ്യുമ്പോഴാണ് നാം വലിയവനാകുന്നതെന്ന മിഥ്യാധാരണ പലർക്കുമുണ്ടാകാറുണ്ട്. കുടുംബജീവിതത്തിലും തൊഴിൽമേഖലയിലും തെറ്റുസംഭവിച്ചയാളെ സാന്ത്വനിപ്പിക്കുന്നതിനുപകരം അത് പർവ്വതീകരിച്ച് കുത്തുവാക്കുകൾ കൊണ്ട് ക്രൂശിക്കാൻ നമുക്ക് ഉത്സാഹമാണ്. ഇവിടെയാണ് "സ്ട്രെസ്സ് മാനേജർ" എന്ന പദവിക്ക് അനുയോജ്യനായ യൗസേപ്പിതാവിനെ നമ്മുടെ ജിവിതത്തിൽ പകർത്തേണ്ടത്. ജീവിതത്തിലെ സ്വപ്നങ്ങൾക്കും പ്രതീക്ഷൾക്കും വിഘാതമേറ്റ സന്ദർഭങ്ങളിൽ മോഹഭംഗങ്ങളുടേയും ദുരിതങ്ങളുടേയും അലച്ചിലിന്റേയും അവസ്ഥകളിൽ പിറുപിറുക്കുകയോ പങ്കാളിയെ പഴിപറയുകയോ ദൈവത്തോടു കലഹിക്കുകയോ ചെയ്യാതെ മൗനത്തിന്റെ മാധുര്യത്തിൽ എല്ലാം ലയിപ്പിച്ച സൗമ്യനായ യൗസേപ്പിതാവ്.



താനുമായി വിവാഹനിശ്ചയം കഴിഞ്ഞ പെൺകുട്ടി കൂടിവരവിനു മുമ്പേ ഗർഭിണിയാണെന്നറിഞ്ഞപ്പോൾ ഏതൊരു പുരുഷനും പതറി നിലതെറ്റി വീണുപോകുന്ന അവസ്ഥയിലേക്കു ജോസഫും വീണുപോയി. എന്നാൽ ഈ സാഹചര്യത്തിലും അദ്ദേഹം കാണിച്ച സമചിത്തതയും നീതിബോധവും ആധുനികയുവത്വത്തിനുള്ള ഉത്തമ മാതൃകയാണ്. അവളെ രഹസ്യമായി ഉപേക്ഷിക്കാൻ തീരുമാനിച്ചെങ്കിലും സമൂഹമധ്യത്തിൽ അവളേയും കുടുംബത്തേയും അപഹാസ്യരാക്കാനും യഹൂദശിക്ഷാവിധിയനുസരിച്ച് തന്നെ വഞ്ചിച്ചവളെ കല്ലെറിഞ്ഞുകൊല്ലുന്നതുകണ്ട് സായൂജ്യമടയാനും അദ്ദേഹം തരംതാണില്ല. പ്രണയാഭ്യർത്ഥനയോ വിവാഹഭ്യർത്ഥനയോ നിരസിച്ചതിന്റെ പേരിൽ ആസിഡാക്രമണങ്ങളും അരുംകൊലകളും നടത്തി പ്രതികാരം വീട്ടുന്ന നിരവധി വാർത്തകൾ ഇന്ന് കേൾക്കുമ്പോൾ സംയമനത്തിന്റെ മാന്യത യൗസേപ്പിതാവ് കാണിച്ചുതരുന്നു. അപ്രതീക്ഷിത പ്രശ്നങ്ങളിൽ രഹസ്യസ്വഭാവം കാത്തുസൂക്ഷിക്കേണ്ടതിന്റെ മാതൃക മൗനംകൊണ്ട് വരയ്ക്കാൻ അദ്ദേഹ

ത്തിനു സാധിച്ചു. അതുകൊണ്ടുതന്നെയാണ് വി.ഗ്രന്ഥം അദ്ദേഹത്തെ നീതിമാനെന്ന് സാക്ഷ്യപ്പെടുത്തുന്നതും.

സൗമ്യതയുടെ കൂടാരത്തിൽ ആവസിക്കുമ്പോഴാണ് ദൈവാനുഭവം ഉണ്ടാകുന്നതും നമ്മുടെ സംശയങ്ങൾ ദുരീകരിക്കപ്പെടുന്നതും ദൈവപദ്ധതിയിൽ പങ്കുകാരാകാൻ സാധിക്കുന്നതും. പൂർണ്ണമായ വിട്ടുകൊടുക്കലിന്റെ അനുഭവത്തിലേക്കു കടന്നുചെല്ലുവാൻ യൗസേപ്പിതാവ് ഒട്ടും മടികാണിച്ചില്ല. വീണ്ടും അദ്ദേഹത്തെ കാത്തിരുന്നത് ദീർഘയാത്രകളുടെ കിതപ്പും പ്രവാസത്തിന്റെ യാതനകളുമായിരുന്നു. കടുപ്പമേറിയ കാലാവസ്ഥയും കഠിനമായ പാതകളും താണ്ടി അമ്മയേയും ശിശുവിനേയും അടക്കിപ്പിടിച്ച് ഭീതിയുടെ കരങ്ങളിൽനിന്നും രക്ഷനേടാൻ തിടുക്കമേറിയ യാത്ര. ഒന്നിനു പുറകേ ഒന്നായി പരീക്ഷണങ്ങൾ കടന്നുവന്നപ്പോഴും യൗസേപ്പിതാവ് തന്റെ ശാന്തതയെ കീറിമുറിക്കാൻ അനുവദിച്ചില്ല. ദൈവം തന്നിലേ ല്പിച്ച ദൗത്യം അതിന്റെ പൂർണ്ണതയിൽ നിവർത്തിക്കുവാൻ അദ്ദേഹം പരിശ്രമിച്ചു. അപ്പന്റെ ശിക്ഷണത്തിൽ വളർന്ന തമ്പുരാൻ ഈ ലേകത്തിന്റെ നിത്യരക്ഷക്കായി സ്വയം ബലിയായി. ചുറ്റുമുള്ളവർ ഒറ്റിക്കൊടുത്തപ്പോഴും തള്ളിപ്പറഞ്ഞപ്പോഴും ഓശാന പാടിയവർ 'ക്രൂശിക്ക' എന്നാർത്തപ്പോഴും ഈശോ പാലിച്ച ശാന്തസുന്ദരമൗനം യൗസേപ്പിതാവിൽനിന്നും ആർജ്ജിച്ചതാകാം. അലയടിക്കുന്ന ജീവിതനൗകയിൽ പൊള്ളയായ ശബ്ദകോലാഹലങ്ങളാൽ ആടിയുലയാതെ ശാന്തതയുടെ സംയമനം പാലിച്ച് നിശബ്ദമായി കാതോർക്കാം. യൗസേപ്പിതാവിനെപ്പോലെ ദൈവേഷ്ടത്തിന് പൂർണ്ണമായി വിധേയപ്പെടാം.

ശബ്ദം താഴ്ത്തി-സ്നേഹസാമിപ്യമായി-ശാന്തസുന്ദരമായ ജീവിതാനുഭവങ്ങൾ ചുറ്റുമുള്ളവർക്ക് സമ്മാനിക്കാം.

## കാർട്ടൂൺ



## വി.ബനഡിക്റ്റ് മെന്നി (1841-1914)

**ആതുരസേവനസഭാംഗം**



1841 മാർച്ച് 11 നാണ് ബനഡിക്റ്റ്മെന്നി ഇറ്റലിയിലെ പ്രശസ്ത നഗരമായ മിലാനിൽ ജനിച്ചത്. മാതാപിതാക്കൾ ലൂയിജി ഫിജീനിയും ലൂയിജിയായും ആയിരുന്നു. അവരുടെ പതിമൂന്നു മക്കളിൽ അഞ്ചാമനായിരുന്നു ബനഡിക്റ്റ്. ജന്മനാ ആരോഗ്യസ്ഥിതിമോശമെന്ന് കണ്ടതിനാൽ ജന്മദിനത്തിൽ തന്നെ ജ്ഞാനസ്നാനം നൽകി. ലൂയിജി തടിക്കച്ചവടക്കാരനായിരുന്നെങ്കിലും മക്കളെയെല്ലാം സാമാന്യം നല്ലനിലയിൽ വളർത്തിക്കൊണ്ടുവന്നു. ഒന്നിച്ചുള്ള പ്രാർത്ഥനയും ഭക്ഷണവുമെല്ലാം നല്ല ഒരു ക്രൈസ്തവാന്തരീക്ഷം ഭവനത്തിലുളവാക്കി. മക്കൾക്കെല്ലാം മതാത്മകവിദ്യാഭ്യാസം നല്കാൻ മാതാപിതാക്കൾ ശ്രദ്ധിച്ചു. അഞ്ചലോ എന്നു വിളിക്കപ്പെട്ടിരുന്ന ബനഡിക്റ്റ് എട്ടാമത്തെ വയസ്സുമുതൽ അൾത്താര ബാലനായി ദിവ്യബലിയിൽ പങ്കെടുത്തിരുന്നു. അക്കാലഘട്ടത്തിൽ തന്നെ ആദ്യ കുർബ്ബാന സ്വീകരണവും സ്ഥൈര്യലേപനവും നടത്തി. അനുദിനദിവ്യകാരുണ്യസ്വീകരണം സാധാരണമല്ലായിരുന്ന കാലഘട്ടത്തിൽ 16-ാംമത്തെ വയസ്സുമുതൽ ആഞ്ചലോ പ്രതിദിനം ദിവ്യകാരുണ്യം സ്വീകരിച്ചിരുന്നു.

നല്ല മാർക്കോടുകൂടി പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി. പോർത്താനോവോ പട്ടണത്തിൽ ഹൈസ്കൂൾ പഠനം നടത്തി. തുടർന്ന് മിലാനിലെ ഒരു ബാങ്കിൽ കുറെനാൾ ജോലിചെയ്തു. 1858 ൽ പാദുവായിൽ നടത്തിയ ഒരു ദൈവവിളി ക്യാമ്പിൽ പങ്കെടുത്ത ആഞ്ചലോ ദൈവത്തിന്റെ വി.യോഹന്നാന്റെ ദീനസേവന സഭയുമായി പരിചയപ്പെട്ടു. ആ സഭാംഗങ്ങളോടു ചേർന്ന് രോഗീപരിചരണം അഭ്യസിച്ചു. രോഗികളേയും നിരാലംബരേയും പരിചരിക്കുന്നത്, ഈശോയെ പരിചരിക്കുന്നതിനു തുല്ല്യമാണെന്നു ഗ്രഹിച്ച ബനഡിക്റ്റ് പ്രസ്തുത സഭയിൽ അംഗമായി ചേർന്ന് ബനഡിക്റ്റ്മെന്നിയെന്നു പേരു സ്വീകരിച്ചു. ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം, ആതുരസേവനം എന്നീ വ്രതങ്ങൾ വ്ഗ്ദാനം ചെയ്തു. ലോദിയിലെ രൂപതാ സെമിനാരിയിൽ തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിച്ചു. തുടർന്ന് റോമിലെ ഗ്രിഗോറിയൻ സർവ്വകലാശാലയിൽ പഠനം പൂർത്തിയാക്കി. 1866 ഒക്ടോബർ 14 ന് വൈദീകപട്ടം സ്വീകരിച്ചു.

സ്പെയിൻ, മെക്സിക്കോ, അമേരിക്ക മുതലായ സ്ഥലങ്ങളിൽ വി.യോഹന്നാന്റെ ആതുരസേവനസഭയുടെ ഭവനങ്ങൾ സ്ഥാപിക്കാൻ ബനഡിക്റ്റ് മെന്നിയച്ചൻ നിയമിതനായി. 9-ാം പീയൂസ് പാപ്പാ അദ്ദേഹത്തെ ആശീർവദിച്ചയച്ചു.

ആദ്യം സ്പെയിനിൽ ആസ്പത്രികൾ തുടങ്ങാനാണ് മെന്നിയച്ചൻ തീരുമാനിച്ചത്. വിപ്ലവശേഷം സന്യാസഭവനങ്ങളെല്ലാം അടച്ചുപൂട്ടിയിരുന്ന കാലഘട്ടമായിരുന്നു അത്.

തുടർച്ച... പേജ് 8

# സഹായകൻ



പ്രകാശമാം കതിരൊളി നീയേ,
വാഗ്ദാനമാം മഴവില്ലു നീയേ,
ഹൃത്തിൻ ആനന്ദമേ, ആത്മാവിൻ നിർവൃതിയേ,
ഉഷ്ണമാം മരുഭൂവിലെ തണുപ്പാം തുഷാരബിന്ദു നീ.
അനർഘളമാം ഒഴുകും അരുവി നീ.
തപിച്ച മണലാരണ്യമാം മർത്യൻ ജീവിതം,
ജലാശയസമൃദ്ധിയിൽ നിറയ്ക്കുന്നു നീ,

ആനന്ദനിർവൃതി നീ, അന്തരംഗത്തിൻ അനുഭൂതി നീ,
അഗ്നിനാവാം സ്നേഹത്തീ മാലിന്യമാം അന്ധകാരത്തെ
പൊൻപ്രഭാപൂരത്തിൽ ഉൻമൂലനം ചെയ്യുന്നു നീ.
അഭിഷേക പെരുമഴയാൽ മർത്യൻ തൻ
സ്തുതി അധരത്തിൽ നിറയ്ക്കുന്നു.
നീ ഭാഷാ മൊഴികളായ് അലയടിക്കുന്നു.
ഫലമായ്, ദാനമായ്, വരമായ് നിറഞ്ഞിടുന്നു നീ.

സ്വർഗ്ഗം ഭൂവിൽ ഇറങ്ങിടുന്നു
മനുജൻതൻ ആത്മപാരവശം അകറ്റിടുന്നു നീ.
ജീവജലമാം പരിശുദ്ധാത്മാവേ
നിൻ സുഗന്ധമെത്രമവർണ്ണനീയം,
നിൻ വിടുതലിൽ സ്വാതന്ത്ര്യത്തിൻ
പുത്തൻചിറകുകൾ മുളച്ചിടുന്നു.
കഴുകനെപ്പോലെ ചിറകടിച്ചുയരുന്നു നാം.




ആത്മശക്തിതൻ ആത്മമാരിയാൽ നിറയുന്നു
മനം സ്തുതിയാൽ നിറയുന്നു,
കർത്താവാം ഈശോതൻ വാഗ്ദാനമെ
നിന്നെ പുകഴ്ത്തുന്നു,
ആരാധനാഹൃത്തിനാൽ വണങ്ങുന്നു
ത്രിത്വമാം ദൈവമേ, പുകഴ്ത്തിടുന്നു ഞങ്ങൾ.
നിൻ ആത്മാവിൻ വരവിനാൽ അറിയുന്നു നിന്നെ,
ഹല്ലേലൂയാ സ്തുതിഗീതങ്ങളാൽ ആത്മം നിറയുന്നു,
സ്വർഗ്ഗമോ ആനന്ദ അലകളാൽ പൂരിതമായീടുന്നു.

# നിങ്ങളുടെ സംശയവും സഭയുടെ ഉത്തരവും

## 187. ഞായറാഴ്ച്ച എത്ര പ്രധാനപ്പെട്ടതാണ്?

ക്രൈസ്തവ കാലത്തിന്റെ കേന്ദ്രം ഞായറാഴ്ച്ചയാണ്. കാരണം ഞായറാഴ്ച്ചദിവസം നാം ക്രിസ്തുവിന്റെ ഉത്ഥാനം ആഘോഷിക്കുന്നു. ഓരോ ഞായറാഴ്ച്ചയും സൂക്ഷ്മരൂപത്തിലുള്ള ഉയിർപ്പുതിരുന്നാളാണ്. (1163-1167, 1193)

ഞായറാഴ്ച്ചയെ അവഗണിക്കുകയോ റദ്ദാക്കുകയോ ചെയ്താൽ ആഴ്ച്ചയിൽ തൊഴിൽദിനങ്ങൾ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. സന്തോഷത്തിനായി സൃഷ്ടിക്കപ്പെട്ട മനുഷ്യൻ അപ്പോൾ തൊഴിൽ ചെയ്യാനുള്ള കുതിരയായും മനഃശക്തിയില്ലാത്ത ഉപഭോക്താവായും തരംതാഴ്ത്തപ്പെടും. ശരിയായി ആഘോഷിക്കാൻ ഭൂമിയിൽ നാം പഠിക്കണം. അല്ലെങ്കിൽ, സ്വർഗ്ഗത്തിൽ എന്തുചെയ്യണമെന്ന് നമുക്ക് അറിയാൻ പാടില്ലാതാകും. സ്വർഗ്ഗം അവസാനിക്കാത്ത ഞായറാഴ്ച്ചയാണ്.

## വിശുദ്ധരുടെ ജീവിതങ്ങൾ.. തുടർച്ച

എങ്കിലും കുറെനാൾ കാത്തിരുന്നശേഷം പ്രതിബന്ധങ്ങളെയെല്ലാം തരണംചെയ്ത് അദ്ദേഹം നിരവധി ആതുരാലയങ്ങൾ സ്പെയിനിലും ഫ്രാൻസിലും മെക്സിക്കോയിലും സ്ഥാപിച്ചു.

ആതുരശുശ്രൂഷയും ദീനാനുകമ്പയും അർഹിക്കുന്ന അനേകം സ്ത്രീകൾ യൂറോപ്യൻ സമൂഹത്തിലുണ്ടെന്ന് ഗ്രഹിച്ച മെന്നിയച്ചൻ ദീനസേവന സമൂഹത്തിന് ഒരു സന്യാസിനീ വിഭാഗവും ആരംഭിച്ചു. റോമിന്റെ അനുവാദത്തോടുകൂടി മാൻഡ്രിഡിൽ ആദ്യത്തെ ദീനസേവന സന്യാസിനീ ഭവനം 1900 മാണ്ടടുത്ത് സ്ഥാപിതമായി. ഓരോ വ്യക്തിയിലും ഈശോയെ ദർശിച്ചു ശുശ്രൂഷ ചെയ്യാൻ അദ്ദേഹം സഹോദരിമാരെ ഉൽബോധിപ്പിച്ചു. പെട്ടന്ന് ഈ സമൂഹം വളർന്ന് ലോകമെങ്ങും ശുശ്രൂഷചെയ്യുന്ന ഒരു വലിയ സ്ഥാപനമായിത്തീർന്നു.

തീഷ്ണതയേറിയ പ്രാർത്ഥനയും ദൈവൈക്യവും ജീവിതക്ലേശങ്ങളുടെ മദ്ധ്യത്തിലും ധീരതയോടെ മുന്നോട്ട് പോകാൻ ബനഡിക്റ്റിനെ ധൈര്യപ്പെടുത്തി. മുപ്പത്താറു വർഷത്തെ അക്ഷീണയക്നങ്ങൾക്കുശേഷം 1914 ഏപ്രിൽ 245 ന് മെന്നിയച്ചൻ ദിവംഗതനായി. 1985 ൽ വാഴ്ത്തപ്പെട്ടവനായും, 1999 നവംബർ 21 ന് വിശുദ്ധനായും നാമകരണം ചെയ്തു.

### ഹൃദ്യസ്ഥമാക്കാൻ ഒരു വചനം

*"ഞാൻ അവളെ വശീകരിച്ച് വിജനപ്രദേശത്തേക്കു കൊണ്ടുവരും. അവളോടു ഞാൻ ഹൃദ്യമായി സംസാരിക്കും. അവിടെവച്ച് ഞാൻ അവൾക്ക് അവളുടെ മുന്തിരിത്തോട്ടങ്ങൾ നൽകും. ആഖോർ താഴ്‌വര ഞാൻ പ്രത്യാശയുടെ കവാടമാക്കും"*

*ഹോസിയാ 2:14-15*

# ക്രൈസ്തവനായിരിക്കുക എന്നാൽ വിശുദ്ധനായിരിക്കുക: ഫ്രാൻസിസ് പാപ്പ






വത്തിക്കാൻ: ക്രൈസ്തവനായിരിക്കുക എന്ന വിളിയുടെ അർത്ഥം വിശുദ്ധനായിരിക്കുക എന്നതുതന്നെയാണെന്ന് ഫ്രാൻസിസ് പാപ്പ. സാന്താ മാർത്തായിലർപ്പിച്ച ദിവ്യബലിമധ്യേ വചനസന്ദേശം നൽകുകയായിരുന്നു അദ്ദേഹം.

“അസാധാരണത്വവും ദർശനങ്ങളും ഉയർന്ന പ്രാർത്ഥനാരീതികളും ഉള്ള അവസ്ഥയായാണ് പലപ്പോഴും നാം വിശുദ്ധിയെ കാണുന്നത്. വിശുദ്ധരായിരിക്കുക എന്നത് മറ്റൊരു കാര്യമാണ്. കർത്താവു നമ്മോടു വിശുദ്ധിയെക്കുറിച്ചു പറഞ്ഞിട്ടുള്ള വഴിയിലൂടെ നടക്കുക എന്നതാണത്. വിശുദ്ധിയിൽ മുന്നേറുന്നത് പ്രകാശത്തിലേയ്ക്കും കൃപയിലേക്കും പ്രത്യാശയിലേക്കുമുള്ള നടത്തമാണ്. യേശുക്രിസ്തുവിനെ കണ്ടുമുട്ടുന്നതിനായുള്ള നമ്മുടെ പുറപ്പാടാണത്. പലപ്പോഴും മുമ്പിൽ നിന്നുവരുന്ന ആ പ്രകാശം നമ്മുടെ കണ്ണുകളിൽ പതിക്കുന്നതിനാൽ വഴി വ്യക്തമാകണമെന്നില്ല. പക്ഷേ, ആ പ്രകാശം മുമ്പിലുണ്ടെന്നതിനാൽ വഴി തെറ്റുകയില്ല. എന്നാൽ പ്രകാശത്തിനു പിന്തിരിഞ്ഞു നടന്നാൽ നമ്മുടെ നിഴൽ വഴിയിൽ വീഴും”; പാപ്പ ഓർമ്മിപ്പിച്ചു.

“ലോകത്തിന്റെ മാതൃകയ്ക്കൊത്തു നാം തിരിഞ്ഞുനടക്കരുത്. വിശുദ്ധിയിലേയ്ക്കുള്ള വഴിയിൽ നാം സ്വതന്ത്രരും സ്വാതന്ത്ര്യാനുഭവമുള്ളവരുമാകണം. മരുഭൂമിയിൽ ഇസ്രായേൽജനം ഈജിപ്തിലെ ഭക്ഷ്യവസ്തുക്കളെക്കുറിച്ച് ഓർത്തതുപോലെ, പ്രയാസകാലങ്ങളിൽ നാം നമ്മുടെ സ്വാതന്ത്ര്യത്തെക്കുറിച്ചു ഗൗനിക്കാതെ അടിമത്തത്തിന്റെ മേശയിലെ ഇഷ്ടവിഭവങ്ങളെ ചിന്തിച്ചു പോകുന്നു. സ്വാതന്ത്ര്യമില്ലാതെ നമുക്കു വിശുദ്ധരാകാൻ സാധിക്കുകയില്ല. ലോകത്തിന്റെ പദ്ധതികൾ നമുക്കെല്ലാം വാഗ്ദാനം ചെയ്യുമെങ്കിലും അവയ്ക്ക് ഒന്നും തരാനാകില്ല എന്നതാണു സത്യം”; പാപ്പ ഉദ്ബോധിപ്പിച്ചു.

## പ്രാർത്ഥനാ സഹായം

തൂലിക വെബ് സൈറ്റിലൂടെയും പ്രാർത്ഥനാസഹായം തേടാം നിങ്ങൾ ചെയേണ്ടത് ഇത്ര മാത്രം. www.thoolikaa.net സന്ദർശിക്കുക. ഇതിൽ കാണുന്നതുപോലുള്ള പ്രാർത്ഥനാസഹായ ഫോം പൂരിപ്പിക്കുക. ജീസസ് യൂത്ത് മിനിസ്ട്രികളുടെ പ്രാർത്ഥനകളോടൊപ്പം നിങ്ങളുടെ വിലയേറിയ നിയോഗങ്ങൾ കൂട്ടായ്മയിൽ സമർപ്പിക്കുന്നതാണ്.




## പുതിയതായി കടന്നു വരുന്നവരുടെ ശ്രദ്ധയ്ക്ക്

ജീസസ്സ് യൂത്തിന്റെ പ്രാർത്ഥനാ ഗ്രൂപ്പിലേക്ക് പുതിയതായി കടന്നു വരുന്നവർ, അവരുടെ പേരും മറ്റു വിവരങ്ങളും വെൽക്കം മിനിസ്ട്രി അംഗങ്ങളുടെ പക്കൽ നൽകുക. ജീസസ്സ് യൂത്തിനെക്കുറിച്ചും അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും അറിവു നൽകുന്ന ഓറിയന്റേഷൻ ക്ലാസ്സ് ഉടനെ നടക്കുന്നതാണ്. വെൽക്കം മിനിസ്ട്രിയംഗങ്ങൾ നിങ്ങളെ അക്കാര്യം വിളിച്ചറിയിക്കുന്നതാണ്. (താല്പര്യമുള്ള ആർക്കും ഇതിൽ പങ്കെടുക്കാവുന്നതാണ്).

## കഴിവുകളെ കർത്താവിനു വേണ്ടി ഉപയോഗിക്കാം...

നിങ്ങൾക്ക് ദൈവം തന്നിരിക്കുന്ന കഴിവുകളെ സുവിശേഷപ്രഘോഷണത്തിനായ് ഉപയോഗിക്കാമോ ? മലയാളം ടൈപ്പിങ്ങ് അറിയാവുന്നവരും ഗ്രാഫിക് ഡിസൈനേഴ്സും വരിക. ജീസസ് യൂത്ത് മീഡിയാ മിനിസട്രിയോട് ഒന്നുചേർന്ന് നമുക്ക് പ്രവർത്തിക്കാം.. Contact : 056 789 3331, 055 741 2253

## കൃതികൾ ക്ഷണിക്കുന്നു

ക്രൈസ്തവമൂല്യങ്ങൾ ഉൾക്കൊള്ളുന്ന ലേഖനങ്ങൾ, കഥകൾ, കവിതകൾ, നുറുങ്ങു ചിന്തകൾ, കാർട്ടൂണുകൾ എന്നിവ തൂലികയിലേക്ക് info@thoolikaa.net എന്ന ഈ-മെയിലിലൂടെ അയച്ചു തരുമല്ലോ?

## മലയാളം കുമ്പസാരം

തൂലിക വെബ് സൈറ്റിലൂടെയും ഇപ്പോൾ മലയാളത്തിലുള്ള കുമ്പസാരത്തിന്റെ സമയം അറിയാം; സന്ദർശിക്കുക www.thoolikaa.net

**ഇ-മെയിൽ**

ജീസസ്സ് യൂത്ത് ഗ്രൂപ്പിൽ നിന്നുമുള്ള അറിയിപ്പുകളും ജോലി സംബന്ധമായ ഒഴിവുകളെക്കുറിച്ചും അറിയുന്നതിന് നിങ്ങളുടെ ഇമെയിൽ അഡ്രസ്സ് : info@thoolikaa.net എന്നതിലേക്ക് അയക്കുക.

English Mass Timings
**St. Mary's Church, Dubai**

**Friday:** 6:00 am, 7:15 am, 9:00 am, 10:15 am (Children's) 3:30 pm (children's catechism), 4:45 pm, 6:15 pm

**Saturday:** 6:00 am, 6:45 am, 9:00 am,12 noon, 5:00 pm, 7:30 pm (Sunday obligation)

**Sunday:** 6:00 am, 6:45 am, 9:00 am, 12 noon, 4:30 pm, 6:00 pm & 7:30 pm

**Weekdays (Mon-Thu):** 6:00 am, 6:45 am, 12 noon & 7:00 pm

## ദിവ്യബലി സമയം - മലയാളം

സെന്റ് മേരീസ് ദേവാലയം - ദുബായ്

എല്ലാ വെള്ളിയാഴ്ചയും ഉച്ചയ്ക്കു ശേഷം 2 മണിക്ക്

ഒന്നും മൂന്നും വ്യാഴാഴ്ചകളിൽ വൈകുന്നേരം 8 മണിക്ക്

നാലാമത്തെ ബുധനാഴ്ച വൈകുന്നേരം 8 മണിക്ക്

മലങ്കര റീത്തിൽ: എല്ലാ വെള്ളിയാഴ്ചയും രാത്രി 7:30 ന് ( മിനി ഹാൾ)

## കരിസ്മാറ്റിക് പ്രാർത്ഥനാ സമയം

- **ഉപവാസ പ്രാർത്ഥന** - ആദ്യ വെള്ളിയാഴ്ച (രാവിലെ 10:30 മുതൽ 1:30 വരെ), ക്രിസ്റ്റീൻ (രാവിലെ 10:30 മുതൽ 1:30 വരെ)
- **എല്ലാ തിങ്കളാഴ്ചയും** - വൈകുന്നേരം 7:30 മുതൽ 9:00 വരെ
- **മദ്ധ്യസ്ഥപ്രാർത്ഥന** - എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) രാവിലെ 8:30 മുതൽ 11:00 വരെ (റൂം നമ്പർ 4-ൽ)

## കോർഡിനേറ്റേഴ്സ്

**ഫാമിലി - സെബാസ്റ്റ്യൻ ജോൺ - 050 3986934**

**ഫോർമേഷൻ -റോജി 055 6519401**

## ജീസസ് യൂത്ത് - ദുബായ്

- **എല്ലാ വെള്ളിയാഴ്ചയും** (ആദ്യ വെള്ളി ഒഴികെ) - രണ്ടുമണിയുടെ ദിവ്യബലിക്കു ശേഷം (റൂം നമ്പർ 6-ൽ).
- **മദ്ധ്യസ്ഥപ്രാർത്ഥന:** എല്ലാ ചൊവ്വാഴ്ചയും വൈകുന്നേരം 8:30 മുതൽ 9:30 വരെ (റൂം നമ്പർ 4-ൽ).
- **നൈറ്റ് വിജിൽ** - മാസത്തിന്റെ ആദ്യ വ്യാഴാഴ്ചകളിൽ.
- **JY ഫാമിലി** - മാസത്തിന്റെ മൂന്നാമത്തെ വെള്ളിയാഴ്ചകളിൽ വൈകുന്നേരം 5:00 മുതൽ ജെ. വൈ. ഹോമിൽ വെച്ച്.
- **JY ടീൻസ്** - എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) ഉച്ചക്ക് 12 മുതൽ 2 വരെ റൂം നമ്പർ 4 ൽ വെച്ച്.
- JY English: 7:00 മുതൽ 9:00 (Saturdays)


ഉള്ളിൽ ഉറങ്ങിക്കിടക്കുന്ന താലന്തുകളെ
ദൈവകൃപയുടെ മൊഴിമുത്തുകളാക്കുവാൻ

# തയ്യാറാണോ?

**എങ്കിൽ
ദൈവസ്നേഹം പകർന്നുനൽകുവാൻ
നമുക്കൊരുമിച്ചു**
പരിശ്രമിക്കാം...

*ക്രൈസ്തവമൂല്യങ്ങൾ ഉൾക്കൊള്ളുന്ന കൃതികൾ പ്രസിദ്ധീകരണത്തിനായ് ക്ഷണിക്കുന്നു.*

*തിരഞ്ഞെടുക്കപ്പെടുന്ന ആദ്യ മൂന്ന് ലേഖനങ്ങൾക്ക് ആകർഷകമായ സമ്മാനങ്ങൾ...*

*ലേഖനങ്ങൾ വാട്ട്സാപ്പ് വഴിയോ ഇമെയിൽ വഴിയോ അയക്കാവുന്നതാണ്.*

*+971 56 789 3331*
*info@thoolikaa.net*

*അവസാന തീയതി ജൂലായ് 24 - 2018*




Jesus Youth DUBAI

**Thoolikaa** - Weekly Newsletter of Jesus Youth, Dubai
**Published By** : Joby Joseph for Literature & Media Ministry of Jesus Youth, Dubai.
**Patron** : Rev.Fr.Alex Vachaparambil OFM Cap. **Animator** : Sebastian Dcruz
**Editor** : Mathew Eappen **Cover** : Rinto Varghese
**E-mail** : info@thoolikaa.net **Web** : http://thoolikaa.net